പുത്തൻകലവും
അരിവാളും
ഇടശ്ശേരി

# പുത്തൻകലവും അരിവാളും

ആരേ പോയ പുകിൽക്കീ, പ്പാട-
ത്തരിമയോടാരിയൻ വിത്തിട്ടു?
മേലേ തീമഴ താഴേ ചെങ്കനൽ
മീനക്കൊടുംവെയിൽ കത്തുമ്പോൾ,
താടയുമാട്ടിത്തളരാതെ കരി-
താഴ്ത്തി വലിക്കുമെരുതൊപ്പം,
എണ്ണമിനുപ്പാലല്ലല്ലോ തടി
മിന്നി വിയർപ്പാലാലോലം,
ഇമ്മൺ പാൽത്തരിയാവോളം, വിഷു-
ക്കൊന്നയിൽ പൂക്കണി വെപ്പോളം
കോമനുഴുതുമറിച്ചൂ പാടം
കോമൻ വിതച്ചൂ പൊന്നാര്യൻ.
പുതിലിറക്കിക്കൊണ്ടു പുതുവിത്തണിനിലം
പതിയും കാർമുകിൽ നീങ്ങുമ്പോൾ
ഏറെപ്പൊൻമുള പാടത്തോ കുളിർ-
കോരിയ കോമനു മാറത്തോ!
രാപ്പകലില്ലൊരു വിശ്രാന്തി, വിള
കാപ്പതിനെന്തൊരു ശുഷ്കാന്തി!
കളയും മുളച്ചു കനംകൂടി, കുളിർ-
കളമകളങ്ങനെ കാറ്റാടി
നീളേ നീലപ്പരപ്പിതിലെങ്ങും
നീന്തിക്കളിച്ചു നീരോളം,
അരയന്നപ്പിടപോലെ കളപറിപ്പെണ്ണുങ്ങ-
ളൊഴുകിവന്നെത്തിയ വാരോളം.

**രണ്ട്:**

പാടത്തിക്കൊല്ലത്തെപ്പുല്ലേറ്റം കൊണ്ടു
പാടെത്ര പെട്ടു കൃഷിക്കാരൻ!
വിത്തിനു വെച്ചതും തീർന്നേപോയ്, തന്റെ
കൊറ്റിനുവെച്ചതും തീർന്നേപോയ്!
കാലായപ്പണിയോരാതോരര-
ക്കാലിയെ വിറ്റതും തീർന്നേപോയ്!
ആരോമൽച്ചേകവരങ്കം പിടിച്ചിട്ടു-
മരമുഴം വാങ്ങീല പുൽച്ചേരി;
കരയെത്തരിവള കൊഞ്ചിക്കുഴഞ്ഞിട്ടു-
മരമുഴം നീങ്ങീലാ പുൽച്ചേരി!
ചെക്കനു പീസു കൊടുത്തില്ല കോമൻ
പക്കക്കുറിക്കു നികത്തീല.
പുതുമഴ പിന്നിയ പനിപെട്ട കുട്ടിക്കൊ-
'രരിയാറും' വാങ്ങിക്കൊടുത്തീല.
ആടിപ്പിറവിക്കു മുമ്പണിമൈലാഞ്ചി-
പ്പാടു പതിഞ്ഞൊരു കൈ നോക്കി
കളപറിക്കാരി കരഞ്ഞേപോ, യൊരു
കാലപ്പിഴയുടെ കൂത്താട്ടം.

**മൂന്ന്:**

പൊള്ളുന്ന വേനലിൻ പിന്നാലേ വന്നു
പൊറുതി കെടുത്തിയ പേമാരി
ദാഹം പൊറാതൊരു തൈനെല്ലങ്ങിനെ
പോളതുറന്നു നീർ മോന്തുമ്പോൾ
അത്തെളിനീരേ നുകർന്നൂ കോമനൊ-
രച്ഛനതല്ലോ ചെയ്യുന്നു
പൊട്ടിലും വന്നു നിരന്നിട്ടന്നില-
മൊട്ടു കറുത്തുകനത്തപ്പോൾ
ഇരവും പകലും തോരാതുള്ളൊരു
കരിമഴ പെയ്തു തിമർത്തപ്പോൾ
കണ്ണിനു  കിക്കിളി കൊള്ളിക്കുന്നൊരു
കള്ളക്കതിർക്കുല കാണ്മോളം
കോമനെക്കാണായ് വരമ്പിന്മേൽ, കുളിർ-
കോമരം തുള്ളിവരുമ്പോലേ
ആടിപ്പിറവിയിലാദ്യത്തെച്ചില
കോടപ്പെരുംമഴ തോർന്നപ്പോൾ
ചുണ്ടു ചുകന്ന കതിരുണ്ടേ, നിര-
പ്പാണ്ട വയൽകളിലങ്ങോളം
കോരിത്തരിച്ചൊരു മാറോടെ ചെന്നു
കോമൻ പുണർന്നൂ കുടുംബത്തെ
പുത്തരിക്കുള്ളരി കുത്താനെന്തൊരു
ബദ്ധപ്പാടാണാവീട്ടിൽ!

**നാല്:**

കൊച്ചുമകളെത്തൻ മുട്ടിന്മേൽ വെച്ചു
കൊഞ്ചിക്കുഴഞ്ഞാനന്നച്ഛൻ.
"പുത്തൂകേണ്ടൊരു പൊന്നോണത്തിനു
പുത്തനുടുപ്പെൻ കുറിഞ്ഞിക്ക്"!
മൂത്തമകൾക്കു കനം വെയ്ക്കുന്നൊരു
മുഖമൊന്നു നോക്കീ പെറ്റമ്മ.
"പൂത്താലിക്കു കൊടുക്കാമിപ്പുകിൽ
പൊന്നുവിളഞ്ഞാ"ലെന്നച്ഛൻ.
"ഞാനതുകൊണ്ടൊന്നുമല്ലെ-"ന്നെന്തൊരു
നാണം! - കുപ്പിവളക്കാരി.
"മൂന്നോളം മാസത്തെ പീസു"ണ്ടെന്നൊരു
മൂളലുയരുന്നൂ കൂട്ടത്തിൽ.
എല്ലാവാഞ്ഛയുമെല്ലാർക്കും ഗൃഹ-
വല്ലഭനന്നു കണക്കിട്ടു.
അത്തവ്വമ്മയ്ക്കുമുണ്ടൊരു കൂട്ടം:
"പുത്തരിക്കുള്ള കലം വേണം!"
ഓണത്തുമ്പി കണക്കക്കുടുംബ-
പ്രാണൻ പാറും പൊൻവയലിൽ
പൂത്തിരി കത്തിച്ചപോലെ നൽവിള-

# പുത്തൻകലവും അരിവാളും
# ഇടശ്ശേരി

വൊത്തു കതിർക്കു കനം വീണു.
ആടിക്കുഴഞ്ഞ നടിമാരോ, ചെടി
കൂടിപ്പുണർന്നു കിടപ്പായി
ഓണനിലാവുകൾ കൊയ്യാനോ ചെറു-
പൊന്നരിവാളും പൊന്തുന്നൂ.
ആ വഴിപോകും നാട്ടാരിൽ ചില-
രേവം ചൊൽവതു കേൾക്കായീ:
"കോമൻ പൂട്ടിവിതച്ചതീപ്പാടം
കോമൻ പൊൻവിളയിച്ചതിപ്പാടം."

**അഞ്ച്:**

ആരേ കൊയ്ത്തു കഴിച്ചതീയാണ്ടിൽ
കോമൻ വിളയിച്ച പൊന്നാര്യൻ?
കോമനുമല്ല പണിക്കാരും - ഒരു
കോടതിയാമീനുമാൾക്കാരും
കൊയ്യാൻ വെച്ചൊരു പൂമ്പുലർവേള, തൻ-
മയ്യണിക്കണ്ണു തുറക്കുന്നു
കോടക്കാറ്റു കുലുക്കിയ വിണ്ണിൽ
മാമരത്തോപ്പിലെത്താരങ്ങൾ,
തുമ്പക്കുടങ്ങളിൽ തങ്ങിത്തെളിഞ്ഞൊരു
ഭംഗിയിലുണ്ടു വിരിയുന്നൂ
വലിയ വരമ്പേറി വന്നൂ കോമൻ
വഴിയേ തന്റെ പണിക്കാരും
പാടത്തുണ്ടു പെരുത്താൾക്കൂട്ടം
കോടതിയാമീൻ കൊയ്യിപ്പൂ
കോമൻ നിന്നൊരു നോക്കതു കാൺകെ-
ക്കാമമവന്നു നശിച്ചേ പോയ്
ഉണ്ണാനുള്ളൊരു ചോറ്റിൽപ്പട്ടികൾ
നിന്നു ചിലപ്പതു കണ്ടാലോ!
കോമൻ നിന്നൊരു നോക്കേ കണ്ടൂ
കോടതിക്കുള്ളൊരധികാരം!
മാനത്തെ വെള്ളം വിഴാതുണങ്ങിപ്പോയ
മകരവിളതൻ പ്രതികാരം,
ജന്മിക്കു ചെല്ലേണ്ടും പാട്ടബാക്കിക്കുള്ള
ജപ്തിയും കൊയ്ത്തുമീ ധിക്കാരം!

**ആറ്:**

കൊയ്ത്തിനു വന്ന പണിക്കാർക്കുൾപക
പത്തിയെടുത്തിട്ടൂത്തൂതി
നെഞ്ചത്തിട്ടുതൊഴിച്ചും കൊണ്ടാ-
നീലിച്ചെറുമി നിലം പൊത്തി
"കൊയ്യല്ലീ വിള മറ്റാരും" ചെറു-
കോമനിറങ്ങീ കണ്ടത്തിൽ
മപ്പുംതാക്കിത്തീപ്പുലിപോലെ
ചീറ്റിയടുത്തൂ ചാത്തപ്പൻ
കറ്റയുമിട്ടു വരമ്പത്തേറീ
കൊയ്യാൻ നിന്നൊരു കൂലിക്കാർ
കോമൻ നിന്നു കലിക്കൊള്ളുന്നൂ
കുറ്റിക്കിട്ട ഗജംപോലേ
അത്തവ്വുണ്ടു വരുന്നൂ കോമന്റെ
മൂത്തമകളൊരു പൂവള്ളി
പുത്തരിക്കുള്ളരിവെയ്ക്കാൻ വാങ്ങിയ
പുത്തൻകലവുമായാലോലം
അച്ഛനുള്ളിലൊരൂക്കൻ തീക്കരു
പൊട്ടിത്തെറിച്ചതുപോലുണ്ടായ്,
വിദ്വേഷാഗ്നിയിൽ വീണ്ടുമൊഴുക്കിയ
വെണ്ണ കണക്കവൾ കാണായീ
മാത്രകൾ കൊണ്ടിനി മറ്റൊന്നാവാം
മാറി മറിഞ്ഞിക്കേദാരം
"കല്പനയുണ്ടു, കളിക്കേണ്ടെ,"ന്നൊരു
ശബ്ദം പൊങ്ങി വരമ്പിന്മേൽ
കാൽപായക്കടലാസു നിവർത്തി
ക്കയ്യിലുയർത്തിക്കാണിച്ചേ
ആമീൻ നില്പൂ, നിലംപരിശാക്കി-
പ്പൊന്തിയ കള്ളിത്തലപോലെ!

**ഏഴ്:**

വിത്തുവിതച്ചോൻ കാണട്ടെ, വിള-
കൊയ്ത്തു നടത്തീ ജന്മിത്തം,
ഒരു പിടിക്കൊള്ളക്കാർ കരുതിവെച്ചുള്ളതാ-
മധികാരത്തിന്റെ തണൽപറ്റി.
വെയ്ക്കുവാനില്ലാത്ത പുത്തൻകലത്തിനു
ചുറ്റും നിരന്നിതരിവാൾകൾ.
അധികാരത്തിന്മേലിട്ടൂട്ടിപ്പുതുക്കാതെ
കൊയ്ത്തിനുതകാത്തരിവാൾകൾ.
ദയനീയം, കർഷകൻ വിളയിച്ച കണ്ടത്തിൽ
നിയമം നടത്തുന്നൂ കൈയേറ്റം!
അക്രമത്തിന്നെഴും പ്രത്യാഘാതങ്ങ-
ളുദ്ഗമിക്കുന്നൂ വരമ്പിന്മേൽ.
പുത്തൻകലവുമരിവാളും കലർ-
ന്നൊട്ടിടിവെട്ടീ വരമ്പിന്മേൽ!
"അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടേ പൊന്നാര്യൻ!"
അവരുടെ കണ്ഠം പരത്തുന്നു-
ണ്ടാകാശങ്ങളിലീമന്ത്രം
"അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടേ പൊന്നാര്യൻ!"